16382
26/11/15

# കേരള സർക്കാർ

## സംഗ്രഹം

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - 01.04.2004 മുതൽ 31.03.2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത ശേഷം മരണമടഞ്ഞ തിരുവനന്തപുരം ജില്ലയിലെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിനായി 1,43,000/- രൂപ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

### ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ്

സ.ഉ. (സാധാ) നം. 502/2015/പ്ലാനിംഗ് തിരുവനന്തപുരം, തീയതി: 25.11.2015

==========================================

പരാമർശം - 1. സ.ഉ. (കൈ) നമ്പർ. 11/2015/പ്ലാനിംഗ് തീയതി 13.02.2015
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം നമ്പർ. G3-14425/2015 തീയതി 12.06.2015
3. ധനകാര്യ (ബഡ്ജറ്റ് വിംഗ്-സി) വകുപ്പിന്റെ 03.11.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 9560/2015/ധന.

### ഉത്തരവ്

01.04.2004 മുതൽ 31.03.2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുത്തശേഷം മരണമടഞ്ഞ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പലിശ ഇളവ് അനുവദിക്കുന്നതിന് മാർഗ്ഗരേഖ നിശ്ചയിച്ച് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ ജില്ലാ കളക്ടർ, ബന്ധപ്പെട്ട ബാങ്കുകൾ, ജില്ലാ കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ എന്നിവരുടെ സഹായത്താൽ പലിശ സബ്സിഡി തുക കണക്കാക്കി അംഗീകാരത്തിനും ഫണ്ട് അനുവദിക്കുന്നതിനുമായി സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുവാൻ നിഷ്കർഷിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ വിദ്യാഭ്യാസ വായ്പ എടുത്ത ശേഷം മരണമടഞ്ഞ 2 വിദ്യാർത്ഥികൾക്ക് പലിശ ഇളവ് അനുവദിക്കുന്നതിനു വേണ്ടി 1,42,672/- രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം രണ്ടിലെ നടപടിക്രമം പുറപ്പെടുവിക്കുകയും, ടി തുക അനുവദിച്ച് നൽകാൻ സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുകയും ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം , "2202-03-800-47(Plan)" എന്ന ശീർഷകത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ പരാമർശം രണ്ടിലെ നടപടിക്രമം പ്രകാരം വിദ്യാഭ്യാസ വായ്പ എടുത്ത ശേഷം മരണമടഞ്ഞ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് പലിശ ഇളവ് അനുവദിക്കുന്നതിനു വേണ്ടി 1,43,000/- രൂപ (ഒരു ലക്ഷത്തി നാൽപ്പത്തി മൂവ്വായിരം രൂപ മാത്രം) അനുവദിച്ചു.

3) ഈ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ 01.04.2004 മുതൽ 31.03.2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുത്ത ശേഷം മരണമടഞ്ഞ ബി.പി. എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രണ്ട് വിദ്യാർത്ഥികൾക്ക് പലിശ ഇളവ് അനുവദിക്കുന്നതിനായി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി 1,43,000/- രൂപ (ഒരു ലക്ഷത്തി നാൽപ്പത്തി മൂവ്വായിരം രൂപ മാത്രം) തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) അർഹമായ തുക ഓരോ അപേക്ഷകന്റെയും വായ്പാ അക്കൗണ്ടിൽ ഇ-ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

(ii) ഇ-ട്രാൻസ്ഫർ ചെയ്യുമ്പോൾ ഡബിൾ പേയ്മെന്റ് ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

(iii) പലിശ അനുവദിക്കുന്നവരുടെ പേരുവിവരം ജില്ലാ അധികൃതർ വെബ്സൈറ്റിൽ നൽകേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ ലീഡ് ബാങ്ക് , ലോണെടുത്ത ബാങ്ക് ശാഖ എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡിൽ പതിക്കുന്നതിന് ബാങ്ക് മാനേജർ നടപടി സ്വീകരിക്കേണ്ടതാണ്.

(iv) യോഗ്യതയുള്ളവർക്ക് പലിശ സബ്സിഡി അനുവദിച്ചതിനുശേഷം അധികം തുക ഉണ്ടെങ്കിൽ ആയത് സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്യേണ്ടതാണ്.

(v) തുക മുഴുവൻ അനുവദിച്ചു കഴിഞ്ഞതിനു ശേഷം Utilisation Certificate സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**സി.വൽസല**
അഡീഷണൽ സെക്രട്ടറി .

ജില്ലാ കളക്ടർ, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ജില്ലാ കളക്ടറേറ്റ്, തിരുവനന്തപുരം
ജില്ലാ ലീഡ് ബാങ്ക് മാനേജർ, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, ലീഡ് ബാങ്ക് ഓഫീസ്, ഗാന്ധി നഗർ, വഴുതക്കാട് ,തിരുവനന്തപുരം - 695014
കൺവീനർ, സംസ്ഥാനതല ബാങ്കിംഗ് സമിതി , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
ധനകാര്യ വകുപ്പ് (05.11.2015 -ലെ Plg A2/31/2015/Fin. നമ്പർ റിമാർക്സ് പ്രകാരം)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

<u>പകർപ്പ്</u>:- ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ